നം.കെ.എസ്.എ.പി4/715/2019 തീയതി:08.08.2019

# പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 16.01.2019 മുതൽ 20.06.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപ്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

**<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| **ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും** | **ശ്രീമതി വിജയലക്ഷ്മി പി. കെ,<br>ഡെപ്യൂട്ടി ഡയറക്ടർ** |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 21.06.2019 മുതൽ 03.07.2019 വരെ |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം** | ശ്രീ അനിൽ മാത്യൂ ഐപ്പ്,<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)<br>ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ (21.06.2019 മുതൽ 02.07.2019 വരെ)<br>ശ്രീമതി ആശാ എം കുരുവിള, ഓഡിറ്റർ |

**<u>നിർവ്വഹണാധികാരികൾ</u>**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ബീനകൊച്ചുപുരക്കൽ<br>ശ്രീമതി ഏലിയാമ്മ തോമസ്, (വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ)<br>ശ്രീമതി ഏലിയാമ്മ തോമസ് | 1.4.18 മുതൽ 2.7.18വരെ<br>03.07.2018 മുതൽ 2.7.18വരെ |

| | | |
|---|---|---|
| | | 26.7.18 മുതൽ 1.4.19 വരെ |
| ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ക്രിസ്റ്റഫർ ഫിലിപ്പ്<br>രാജൻ വർഗീസ് | 1.4.18 മുതൽ 2.7.18 വരെ<br>26.7.18 മുതൽ 31.3.19 വരെ |
| ചെയർമാൻ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ഏലിയാമ്മ തോമസ്<br>ആനി ഏബ്രഹാം | 1.4.18 മുതൽ 25.7.18 വരെ<br>26.7.18 മുതൽ 31.3.19 വരെ |
| ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | മിനി മോൾ ജോസ്<br>റെയ്ച്ചൽ തോമസ് | 1.4.18 മുതൽ 6.7.18 വരെ<br>26.7.18 മുതൽ 31.3.19 വരെ |
| ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | രാജൻ വർഗീസ്<br>ഷൈനി ചെറിയാൻ | 1.4.18 മുതൽ 25.7.18 വരെ<br>26.7.18 മുതൽ 31.3.19 വരെ |
| സെക്രട്ടറി | എസ്. വിജയ് | 1.4.18 മുതൽ 20.6.18വരെ |
| | എസ് എസ് ബിജി | 21.6.18 മുതൽ 26.9.18വരെ<br>29.10.18മുതൽ26.12.18വരെ |
| | രാജേന്ദ്രൻ പി.കെ. | 27.9.18മുതൽ 28.10.18വരെ, 27.12.18മുതൽ 21.1.19വരെ |
| | ബിനോയ് എം.ജി. | 22.1.19മുതൽ 31.3.19വരെ |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

ഗ്രാമപ്പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധം:** 1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. ബാലൻസ് ഷീറ്റ് - 2018-19

3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2018-19

4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2018-19

## ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം 1 ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ | 1-12 |
| 13 | വാർഷിക കണക്കിലെ അപാകതകൾ | 1-13 |
| | ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 14 | രസീത് പരിശോധനയിൽ കണ്ട അപാകതകൾ | 2-1 |
| 15 | അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകി | 2-2 |
| 16 | ഓൺലൈൻ വസ്തു നികുതി അടവാക്കുന്നതിലെ പിഴവ് - പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 2-3 |
| 17 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-4 |
| 18 | ലൈസൻസ് പിരിവിലെ അപാകതകൾ | 2-5 |
| 19 | പദ്ധതി വിഹിതത്തിൽ നിന്ന് വെള്ളക്കരം, വൈദ്യുതി ചാർജ്ജ് കുടിശ്ശികകൾ ഈടാക്കിയത് | 2-6 |
| 20 | ടെണ്ടർ ഫീസ് ഒടുക്കാൻ ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചില്ല | 2-7 |
| | ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 21 | ശമ്പള പരിഷ്കരണത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നില്ല | 3-1 |
| 22 | പ്രതിമാസ വെള്ളക്കരം 1.59 ലക്ഷം രൂപ | 3-2 |
| 23 | വീട് വാസയോഗ്യമാക്കൽ പദ്ധതി (പട്ടികജാതി) വീടുപണി പൂർത്തിയാക്കിയില്ല | 3-3 |

| | | |
|---|---|---|
| 24 | ഗാർഹിക കുടിവെള്ള പദ്ധതി അധികം തുക നൽകി | 3-4 |
| 25 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല | 3-5 |
| 26 | അങ്കണവാടികളുടെ പ്രവർത്തനം തൃപ്തികരമല്ല | 3-6 |
| 27 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി – മതിയായ ഫണ്ട് വകയിരുത്താത്തതിനാൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല | 3-7 |
| 28 | മരുന്ന് വാങ്ങൽ പ്രവൃത്തികൾ ലക്ഷ്യം കൈവരിക്കുന്നില്ല | 3-8 |
| 29 | എസ്.എസ്.എ.വിഹിതം നൽകൽ – വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-9 |
| 30 | അർഹരായ ഗുണഭോക്താക്കളുടെ അപര്യാപ്തത മൂലം പദ്ധതി ചെലവ് കുറയുന്നു. | 3-10 |
| 31 | സാന്ത്വനം പാലിയേറ്റീവ് കെയർ പദ്ധതി – അപാകതകൾ | 3-11 |
| 32 | ആശ്രയ പദ്ധതി | 3-12 |
| 33 | സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ സംയബന്ധിതമായി ചെലവഴിക്കുന്നില്ല | 3-13 |
| | ഭാഗം- 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 37 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 41 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |



# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2018-19-ലെ ബജറ്റ് പാസ്സാക്കിയ നം./തീയ്യതി | 20.03.2018-ലെ 1-ാം നമ്പർ തീരുമാനം |
| ബജറ്റ് പുതുക്കിയത് | 25.02.2019 1-ാം നമ്പർ തീരുമാനം |

ബജറ്റിലെ പ്രതീക്ഷിത വരവ ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ ഗണ്യമായ വ്യതിയാനം ഉണ്ടെന്ന് താഴെപ്പറയുന്ന കണക്കുകൾ വ്യക്തമാക്കുന്നു. മുൻവർഷത്തെ വരവ് ചെലവ് കണക്കുകളെയും, പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപാധിയാണ് ബജറ്റ്. ബജറ്റിൽ കാണിച്ചിട്ടുള്ള പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ ശരിയായ സാമ്പത്തിക നിയന്ത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം (+/-) |
|---|---|---|---|
| മുന്നിരിപ്പ് | 8751201.56 | 8819972.76 | 68771.2 |
| വരവ് | 129483500 | 72900965 | 56582535 |
| ആകെ | 138234701.56 | 81720937.76 | 56513763.8 |
| ചെലവ് | 130018500 | 61754867 | 68263633 |
| നീക്കിയിരിപ്പ് | 8216201.56 | 19966070.76 | 11749869.2 |

അടുത്ത സാമ്പത്തിക വർഷം സ്ഥാപനത്തിൽ ലഭിക്കാനുള്ള തനത് വരവ് ഇനങ്ങളെ സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് തുക കണക്കാക്കേണ്ടത്. എന്നാൽ അശാസ്ത്രീയമായി ബജറ്റ് തയ്യാറാക്കിയതിനാൽ ബജറ്റ് നിർദ്ദേശങ്ങളും യഥാർത്ഥ ഡിമാന്റും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ തുക | വ്യത്യാസം (-/+) |
|---|---|---|---|
| **വരവ്** | | | |
| വസ്തു നികുതി | 5600000 | 3904273 | 1695727 |
| സേവന നികുതി | 900000 | 537921 | 362079 |
| തൊഴിൽ നികുതി | 1400000 | 1659400 | 259400 |
| വാടക | 60000 | 63078 | 3078 |
| ഡി.&ഒ. ലൈസൻസ് | 250000 | 440610 | 190610 |
| പെർമിറ്റ് ഫീ | 550000 | 116753 | 433247 |
| **ചെലവ്** | | | |
| ഭരണ ചെലവുകൾ | 2412000 | 1684493 | 727507 |
| ജീവനക്കാര്യ ചെലവുകൾ | 12107000 | 10357555 | 1749445 |
| ഉല്പാദന മേഖല | 12275000 | 11024006 | 1250994 |
| സേവന മേഖല | 31053000 | 26215815 | 4837185 |
| പശ്ചാത്തല മേഖല | 13935000 | 7326795 | 6608205 |

ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തിട്ടില്ല. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് സെക്രട്ടറി സമർപ്പിച്ചിട്ടില്ല. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചല്ല കരട് ബജറ്റ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തയ്യാറാക്കിയിട്ടുള്ളതെന്ന് ബജറ്റ് കണക്കുകളിലെ വ്യതിയാനങ്ങളിൽനിന്നും വ്യക്തമാണ്. 1994-ലെ കേ.പ.രാ. നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|

| | | |
|---|---|---|
| 2018-19 | 15.05.2019 | 16.04.19 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2018-19 | 12.06.2019 to 14.06.2019 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 12.07.19-ലെ കെ.എസ്.എ.പി.റ്റി.എ.പി1.602(12)/2019 നമ്പരായി വിശേഷണങ്ങളോട്ടുകൂടിയ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് & പേമെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 8819972.76 |
| വരവ് | 72900965 |
| ആകെ | 81720937.76 |
| ചെലവ് | 61754867 |
| നീക്കിബാക്കി | 19966070.76 |

# 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | അലോക്കേഷൻ/ വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 14190000 | 14190000 | 12787777 | |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5383000 | 5383000 | 4869879 | |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 78000.00 | 78000.00 | 0 | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9206000 | 9206000 | 5306029 | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2929000 | 2929000 | 937797 | |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 8432393 | 8432393 | 6586000 | |
| കെ എൽ ജി എസ് ഡി | 0 | 0 | 0 | 0 | |

| | | | | | |
|---|---|---|---|---|---|
| പി | | | | | |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ലൈഫ് മിഷൻ | 0 | 489719 | 489719 | 0 | 489719 |
| ട്രഷറി ടി.എസ്.ബി. ജോയിന്റ് വെന്ച്വർ | -835570 | 0 | 0 | 0 | 3143063 |
| കറന്റ് അക്കൌണ്ട്-സെന്ട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ഇ പേയ്മെന്റ്-ഓൺലൈൻ പ്രോപ്പർട്ടി ടാക്സ് | 47780 | 0 | 0 | 0 | 424969 |
| സെന്ട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ജി എസ് റ്റി | 0 | 0 | 0 | 0 | 3 |
| ബി-ഫണ്ട് | 0 | 131874 | 131874 | 131874 | 0 |
| തനത്ഫണ്ട്-PDCB | 8840675.76 | 0 | 0 | 0 | 11694031 |
| മറ്റിനം-Flood Relief Grant | 0 | 375000.00 | 375000.00 | 375000.00 | 0 |
| ട്രഷറി ടി.എസ്.ബി. ജനറൽ പർപ്പസ് | 594006 | 9639763 | 10233769 | 6252970 | |
| എസ്.ബി.ഐ. - സാക്ഷരത | 20709 | 734 | 21443 | 0 | 21443 |
| എസ്.ബി.ഐ. (എം.എൻ.ആർ.ജി.എസ്.) | 78180 | 23120128 | 23198308 | 23113107 | |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 139 | 89 | 36 | 14 | 64 |

<u>പദ്ധതി നിർവ്വഹണ വിവരങ്ങൾ</u>

| വികസന മേഖല | അംഗീകരിച്ച പ്രൊജക്ടുകളുടെഎണ്ണം | ആകെ തുക | നടപ്പാക്കിയ പ്രൊജക്ടുകളുടെഎണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| ഉല്പാദനം | 11 | 23685489 | 10 | 11024006 | 46.54 |
| സേവനം | 49 | 39954906 | 36 | 26215815 | 65.61 |
| പശ്ചാത്തലം | 79 | 16202080 | 43 | 7326795 | 45.22 |
| മേഖലാ വിഭജനത്തിൽപ്പെടാത്തത് | 0 | 0 | 0 | | |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 16 | 12 | 3118051 | 1981589 | |
| കൃഷി ഓഫീസർ | 3 | 3 | 19914489 | 9582430 | |
| വെറ്ററിനറി സർജൻ | 5 | 4 | 2871000 | 644956 | |
| വി.ഇ.ഒ. | 12 | 8 | 25562389 | 16247911 | |
| അസ്സിസ്റ്റന്റ് എൻജിനീയർ | 79 | 41 | 17402516 | 7004152 | |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 5 | 4305600 | 3790252 | |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 1 | 1 | 1400000 | 1400000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100000 | 100000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 2 | 2 | 600000 | 600000 | 100 |
| ഹെഡ് മാസ്റ്റർ | 3 | 2 | 1780430 | 1038225 | |
| ഡയറി എക്സ്റ്റൻഷൻ | 2 | 2 | 1100000 | 696620 | |
| അസ്സിസ്റ്റന്റ് സെക്രട്ടറി | 8 | 8 | 1988000 | 1480481 | |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 9143728 | 4812164 | 4331564 |
| നികുതിയേതര വരവുകൾ | 1147923 | 1079548 | 68375 |
| മറ്റ് വരവുകൾ | 384059 | 356700 | 27359 |
| ആകെ | **10675710** | **6248412** | **4427298** |

തനത് വരുമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 44.27 ലക്ഷം രൂപയുടെ കുറവ് വന്നിട്ടുണ്ട്.

# 1-8 സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം

| ക്രമ നം. | പദ്ധതി | 2018-19-ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | ആകെ ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 27 | 27 | 0 | 2044 | 8699600 |
| 2 | തൊഴിൽ രഹിത വേതനം | 0 | 0 | 0 | 18 | 168000 |
| 3 | വിധവാ പെൻഷൻ | 19 | 19 | 0 | 1961 | 8264200 |
| 4 | വികലാംഗ പെൻഷൻ | 16 | 16 | 0 | 708 | 3098900 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള | 0 | 0 | 0 | 95 | 393900 |

| | | | | | | |
|---|---|---|---|---|---|---|
| | പെൻഷൻ | | | | | |
| 6 | വാർദ്ധക്യകാല പെൻഷൻ | 119 | 109 | 10 | 3385 | 15686600 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.06.2019, 2 PM-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 1719 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

**പൊതുനിയന്ത്രണം:** ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. പൊതു ആഭ്യന്തര നിയന്ത്രണം തൃപ്തികരമാക്കുന്നതിനാവശ്യമായ നടപടികൾ ഭരണ സമിതി സ്വീകിരിച്ചിട്ടുണ്ട്. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിൽവരുത്തി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്നതിനാവശ്യമായ നടപടികളുമായി പഞ്ചായത്ത് മുന്നോട്ട് പോകുകയാണ്. രേഖകളും, രജിസ്റ്ററുകളും കാര്യക്ഷമമായി സൂക്ഷിക്കുന്നതിനുവേണ്ടി റിക്കോർഡ് റൂം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചുകൊണ്ട് ജോലിവിഭജനം നടത്തിയിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ ഘടകങ്ങളും ജീവനക്കാരിൽതന്നെ നിക്ഷിപ്തമാവാതെ ചുമതലകൾ വേർതിരിച്ച് സ്ഥാപനത്തിന്റെ ദൈനംദിന ഇടപാടുകളും, പ്രവർത്തനങ്ങളും സുഗമമായി മുന്നോട്ടു നീങ്ങുന്നു.

വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ വിവിധ ഡിമാന്റ് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. സ്റ്റോക്ക് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ, UA രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ മുതലായ സുപ്രധാന രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

**അക്കൗണ്ടിംഗ് സംവിധാനം:** സാംഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തിരമുള്ള അക്കൗണ്ടിംഗ് സംവിധാനം പൊതുവെ തൃപ്തികരമാണ്.

**സകർമ്മ സോഫ്റ്റ് വെയറിലൂടെയുള്ള മിനിട്ട്സ് സൂക്ഷിപ്പ്:** 27.06.17 മുതൽ സകർമ്മ സോഫ്റ്റ് വെയറിലൂടെയുള്ള മിനിട്ട്സ് സൂക്ഷിപ്പ് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ സകർമ്മ നടത്തിപ്പ് സുഗമമാക്കുന്നതിന് ഇതുവരെ സാധിച്ചിട്ടില്ല. കമ്മിറ്റി യോഗം ചേർന്ന് 48 മണിക്കൂറിനുള്ളിൽ മിനിട്സ് ക്ലോസ് ചെയ്ത് ബന്ധപ്പെട്ടവർക്ക് തീരുമാനത്തിന്റെ പകർപ്പ് നൽകണമെന്ന ചട്ടത്തിലെ വ്യവസ്ഥ പാലിക്കപ്പെടുന്നില്ല. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ മിനിട്ട്സ് ക്ലോസ്സ് ചെയ്യപ്പെടുന്നില്ല. ഓഡിറ്റ് വേളയിൽ 19-06-17ൽ ചേർന്ന യോഗത്തിന്റെ മിനിട്ട്സ് സമയപരിധി കഴിഞ്ഞും ക്ലോസ്സ് ചെയ്യാതെ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

**പ്രോക്യൂർമെന്റ്:** പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധനക്ക് ഹാജരാക്കിയില്ല. പ്രളയത്തിൽ നഷ്ടപ്പെട്ടു എന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്.

**ആസ്തി സംരക്ഷണം:** ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 29-05-19 to 30-05-19 | 2019 ഏപ്രിൽ,മെയ് | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| 2 | അക്കൗണ്ടൻറ് | 29-08-17 to 15-09-17 | 2016-17 | 06-11-2017 |

| | | | | |
|---|---|---|---|---|
| | ജനറലിന്റെ ഓഡിറ്റ് | | | |

# 1-12 പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമപ്പഞ്ചായത്തിന്റെ 2018-19-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു. പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ തങ്ങളുടെ ചുമതലകൾ കൃത്യമായി നിർവ്വഹിച്ചിട്ടില്ല. പദ്ധതിയുടെ വിഭവ സ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ യുക്തി സഹമായി നിശ്ചയിക്കുക എന്നീ കാര്യങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കുണ്ടായ വീഴ്ച കാരണം പല പ്രോജക്ടുകളും ഫലപ്രദമായി നടപ്പാക്കാൻ കഴിയാതെ വന്നിട്ടുണ്ട്. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും, വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. ഗ്രാമപ്പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിന് പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവെച്ച് പശ്ചാത്തല മേഖലയിൽ താരതമ്യേന ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പദ്ധതികൾ ഏറ്റെടുക്കുന്നു. മെയിന്റനൻസ് ഫണ്ടും, വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് ഇതര – റോഡ് ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക മെയിന്റനൻസ് പ്ലാൻ (ആസ്തി സംരക്ഷണ പരിപാലന പദ്ധതി) തയ്യാറാക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല. കൈമാറിക്കിട്ടിയ ആസ്തികളുടെ സംരക്ഷണത്തിന് സർക്കാർ അനുവദിക്കുന്ന റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഫലപ്രദമായി ചെലവഴിക്കാതെ വലിയ തോതിൽ പാഴാക്കുന്നു. അങ്കണവാടികളിൽനിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ഗ്രാമസഭാ അംഗങ്ങളിൽനിന്നും പൊതു സമ്മതരായ 5 പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല. ഗ്രാമപ്പഞ്ചായത്തിൽ പൊതു ശ്മശാനവും, അറവു ശാലയും സ്ഥാപിക്കപ്പെട്ടിട്ടില്ല. പൊതു ശ്മശാനവും, അറവു ശാലയും ഇല്ലാത്ത ഗ്രാമപ്പഞ്ചായത്തുകൾ അവ സ്ഥാപിക്കുന്നതിന് വികസന ഫണ്ടിൽനിന്നും നിർബന്ധിത വകയിരുത്തൽ നടത്തണമെന്ന് മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം നടപ്പാക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ - പ്രത്യേക ഘടക പദ്ധതി/ പട്ടികവർഗ്ഗ ഉപപദ്ധതി, ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി, വനിതാ ഘടക പദ്ധതി - അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഗ്രാമപ്പഞ്ചായത്ത് ശ്രദ്ധപതിപ്പിച്ചിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല.

# 1-13 വാർഷിക കണക്കിലെ അപാകതകൾ

ഷെഡ്യൂൾ I-1, RP-43 എന്നിവയിലെ കെട്ടിട നികുതി തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രികയിലെ ടി ന്യൂനത പരിഹരിക്കേണ്ടതാണ്.

പത്തംതനംതിട്ട ജില്ലാ ഓഫീസിലെ നം. കെ.എസ്.എ.പി.റ്റി.എ.പി.4/287/19 തീയതി : 15.06.2019 ആയി പുറപ്പെടുവിച്ച വാർഷിക കണക്കുകളുടെ സാക്ഷ്യപത്രം പ്രകാരം ചുവടെ ചേർക്കുന്ന അപാകതകൾ പരാമർശിച്ചിരുന്നു. ഓഡിറ്റ് സമയത്ത് ഇവ പരിഹരിച്ചതായി അറിയിച്ചു എങ്കിലും നിശ്ചിത സമയത്തിനു മുമ്പായി പരിഹരിച്ച വാർഷിക കണക്കുകൾ ഓഡിറ്റ് വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തില്ല.

1. ഷെഡ്യൂൾ ബി3 ക്യാപിറ്റൽ കോൺട്രിബ്യൂഷന് തുകയായി മുൻവർഷത്തെ തുക തന്നെയാണ് കാണിച്ചിട്ടുള്ളത്. ഷെഡ്യൂൾ ബി-11, ബി-11(a) എന്നവയിൽ കാണിച്ചിട്ടുള്ള തുകകൾ കൂട്ടിയെടുത്താൽ 9135301 രൂപയാണ് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ. ബി-11 ൽ മുന്നിരിപ്പായി 2051739 രൂപയുടെ പാർട്ട് ബിൽ ഈ വർഷം പൂർത്തിയായ പ്രൊജക്ടുകളുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഇത് ജേർണൽ എൻട്രി നടത്തി ബിൽ ഉൾപ്പെടുത്തണം. തൻ വർഷം പാർട്ട് പേയ്മെന്റ് ഒന്നും നല്കിയിട്ടില്ലാത്തതിനാൽ 338620 രൂപയുടെ ചെലവിനം ജേർണൽ എൻട്രി നടത്തി ക്യാപിറ്റൽ കോൺട്രിബ്യൂഷൻ നിലേക്ക് മാറ്റണം.

2. ഷെഡ്യൂൾ ബി4 ലൈബ്രറി ഗ്രാന്റ് 11640 രൂപ നീക്കിയിരിപ്പ് ആയി കാണിച്ചിട്ടുണ്ട്. തുക ചെലവഴിച്ചിട്ടുള്ളതിനാൽ ഒഴിവാക്കണം.

3. ഷെഡ്യൂൾ ബി9 350800299 other liabilities – 50000 രൂപ തനത് ഫണ്ടിൽ ട്രഷറിയിൽ നിന്നും നെഫ്റ്റ് വഴി പി.ഡി.സി.ബി. അക്കൗണ്ടിലേക്ക് മാറ്റിയിട്ട തുകയാണ്. ഇത് ഡി.എഫ്.-എസ്.സി.പി. ഫണ്ടിൽ നിന്നും എസ്.സി. വിവാഹ ധനസഹായം റീഫണ്ട് എന്ന രീതിയിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി തുകയെ സംബന്ധിച്ച നിജ സ്ഥിതി അന്വേഷിച്ച ശേഷം തുക എസ്.സി.ബി. ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

4. ഷെഡ്യൂൾ ബി-11 410300101 – സിമെന്റ്, കോൺക്രീറ്റ്, റോഡ് ചെലവ് ഉൾപ്പെടുത്തിയിട്ടില്ല.

5. ആർ പി 31-എൻ ആർ ഇ ജി എ വരവ് -(ആർ പി 19 – 61000) + ബി ആർ എം എസ് - 22412642 , ആകെ 23120128 , വ്യത്യാസം പരിഗണിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് പരിശോധനയിൽ കണ്ട അപാകതകൾ

രസീത് ബുക്കുകൾ പിരിവിനായി നൽകുമ്പോൾ കൃത്യമായി സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി നൽകുകയും കാര്യാലയത്തിൽ തിരികെ നൽകുമ്പോൾ ഉപയോഗിക്കാത്തവ ക്യാൻസൽ ചെയ്യുന്നു എന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ 2018-19 സാമ്പത്തികവർഷം ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീത് ബുക്കുകളിലെ ഉപയോഗിക്കാത്ത പേജുകൾ ക്യാൻസൽ ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| രസീത് ബുക്ക് നം. | ക്യാൻസൽ ചെയ്യാൻ അവശേഷിച്ചത് |
|---|---|
| 31179 | 18 മുതൽ 100വരെ |
| 17774 | 4 മുതൽ 100വരെ |

മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-2 അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകി

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ, താഴെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിയതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ മേൽവിലാസം | കെട്ടിടത്തിന്റെ വിവരം | വാർഡും കെട്ടിട നമ്പറും | തറ വിസ്തീർണ്ണം |
|---|---|---|---|---|
| 1 | പാസ്റ്റർ, ഐ.പി.സി. എബനേസർ, ആലംതുരുത്തി | ആരാധനാലയം | 4/348<br>4/349 | 48 m2<br>95m2 |
| 2 | | എ.കെ.ജി. സ്മാരക പാർട്ടി ഓഫീസ് | 11/227 | 31 m2 |

പൊതു ആരാധനയ്ക്കായി നീക്കി വച്ചിട്ടുള്ളതും യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതും അല്ലെങ്കിൽ അനുബന്ധ ആവശ്യത്തിലേക്ക് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾ, മതപഠന ശാലകൾ എന്നിവയെ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പിന്റെ 1-(എ) ഉപ വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്നും സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഓഫീസ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. മുകളിൽ കാണിച്ചിരിക്കുന്ന ക്രമ നം. 1ലെ കെട്ടിടം ആരാധനാവശ്യത്തിന് ഉപയോഗിക്കുന്നതാണെന്ന് പഞ്ചായത്ത് ഉദ്യോഗസ്ഥർ ഉറപ്പു വരുത്തിയിട്ടാണോ നികുതി ഇളവ് അനുവദിച്ചിരിക്കുന്നത് എന്ന വിവരം ആരാഞ്ഞുകൊണ്ട് നൽകിയ അന്വേഷണ കുറിപ്പിന് (12 / 2.07.2019) സ്ഥല പരിശോധന നടത്തി വിവരം ലഭ്യമാക്കിയ പ്രകാരം കെട്ടിട നം

4/348 എന്ന കെട്ടിടം പാസ്റ്റർ താമസിക്കുന്ന പാഴ്സനേജ് ആണെന്നും 2013-14 മുതലുള്ള നികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചു. ക്രമ നം. 2ലേത് തുടക്കം മുതലേ കരം ഈടാക്കാത്ത കെട്ടിടമാണെന്നും, 2013-14 മുതൽ ഓഫീസ് കെട്ടിടം എന്ന നിരക്കിൽ സഞ്ചയാ സോഫ്റ്റ് വെയറിൽ നികുതി നിശ്ചയിച്ച് ഈടാക്കി ആയതിന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും അന്വേഷണ കുറിപ്പിന് (1 / .07.2019) മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.

നികുതി ഇളവില്ലാത്ത കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 2-3 ഓൺലൈൻ വസ്തു നികുതി അടവാക്കുന്നതിലെ പിഴവ് - പഞ്ചായത്ത് ഫണ്ടിന് നഷ്ടം

വസ്തു നികുതി ഓൺലൈനായി അടവാക്കുന്നതിന് പഞ്ചായത്ത് സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യയിൽ ഒരു കറന്റ് അക്കൗണ്ട് (അക്കൗണ്ട് നം. 3624080851) തുടങ്ങിയിട്ടുണ്ട്. ഇതിന്റെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ തുകകൾ അടവാക്കിയ വ്യക്തികളുടെ പേരിനു പകരം Transfer from IKM എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഒരു ദിവസം തന്നെ ഒന്നിലധികം തുകകൾ Transfer from IKM എന്ന പേരിൽ ഈ പാസ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (11/ 28.06.2019)ന്റെ മറുപടി താഴെപ്പറയും പ്രകാരമാണ്.

ഓൺലൈനിൽ വസ്തു നികുതി അടവാക്കുന്ന അവസരത്തിൽ തന്നെ വസ്തുനികുതിയ്ക്കുള്ള സഞ്ചയാ സോഫ്റ്റ്വെയറിൽ അപ്ഡേറ്റാകുകയും വസ്തു നികുതി അടവാക്കുന്ന പ്രസ്തുത വ്യക്തിക്ക് അടച്ച തുകയുടെ രസീത് ലഭ്യമാകുകയും ചെയ്യുന്നു. എന്നാൽ ഈ തുക പഞ്ചായത്തിന് ലഭ്യമാകുന്നത് ഐ.കെ.എം. ൽ നിന്നും ട്രാൻസഫർ ചെയ്യുമ്പോൾ മാത്രമാണ്.

ഇത് മൂലം പഞ്ചായത്തിലെ സാംഖ്യയിലെ കണക്കുകളും (ലോക്കൽ സാംഖ്യ) സഞ്ചയയിലെ വസ്തുനികുതി കണക്കുകളും തമ്മിൽ പൊരുത്തപ്പെടാതെ പോകുന്നു. പല ദിവസങ്ങളിലും ഭീമമായ അന്തരമുണ്ടാകുന്നു. ഗൗരവമായ ഈ പ്രശ്നം പഞ്ചായത്തിന്റെയും ഡിഡിപിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു. രണ്ടു ദിവസത്തെ ട്രാൻസാക്ഷൻ വിവരങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

<u>പഞ്ചായത്തിലെ പാസ്സ് ബുക്ക് പ്രകാരമുള്ള വിവരം</u>

| Date of cr. in a/c | Particulars | Deposit Amount |
|---|---|---|
| 21.01.2019 | By Transfer I K M | 3,17,606 |
| 22.01.2019 | By Transfer I K M | 55 |
| 22.01.2019 | By Transfer I K M | 305 |
| 22.01.2019 | By Transfer I K M | 104 |

മുകളിൽ കാണിച്ചിരിക്കുന്ന ടേബിളിലെ ട്രാൻസാക്ഷൻ നടന്ന വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Receipt Date | Payee Name | Deposit Amount | |
|---|---|---|---|
| 04.01.2019 | Secretary, Pushpagiri Medical Trust | 5324 | പഞ്ചായത്ത് ഫണ്ടിൽ തുക ക്രഡിറ്റ് ആയത് 21.01.19 -ൽ മാത്രമാണ്. |
| 04.01.2019 | " | 2131 | |
| 04.01.2019 | " | 135182 | |
| 04.01.2019 | " | 10050 | |
| 04.01.2019 | " | 84333 | |
| 04.01.2019 | " | 80586 | |
| | Total | **317606** | |
| 14.01.2019 | Thomas Varkey | 305 | പഞ്ചായത്ത് ഫണ്ടിൽ തുക ക്രഡിറ്റ് ആയത് 22.01.19 -ൽ മാത്രമാണ്. |
| 15.01.2019 | Vijayarajan George | 55 | |
| 17.01.2019 | Valsamma | 104 | |

ഇപ്രകാരം ഓൺലൈനിൽ തുക അടച്ച സമയത്തു തന്നെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തുക ക്രഡിറ്റ് ആകാത്തതു മൂലം ഇക്കാലയളവിൽ പഞ്ചായത്തിന് ഈ തുക ഉപേക്ഷിക്കാൻ കഴിയാതെ വരുകയും, ഈ കാലയളവിലെ പലിശയും പഞ്ചായത്തിന് നഷ്ടമാകുന്ന സാഹചര്യമാണുള്ളത്. ഓൺലൈൻ വസ്തു നികുതി അക്കൗണ്ട് കറന്റ് അക്കൗണ്ട് ആയതുകൊണ്ട് പലിശ ഇനത്തിൽ പഞ്ചായത്തിന് യാതൊരു തുകയും ലഭ്യമാകാത്ത സാഹചര്യത്തിൽ കൃത്യമായ ഇടവേളകളിൽ ഈ അക്കൗണ്ടിലെ തുക പിൻവലിച്ച് തനത് ഫണ്ടിൽ ചേർക്കാൻ അക്കൗണ്ടന്റ് ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് വേളയിൽ ഈ അക്കൗണ്ടിൽ (13.06.2019 തീയതിയിൽ) 4,56,226.50 രൂപയുള്ളത് ശ്രദ്ധയിൽപ്പെട്ടു. ഈ അക്കൗണ്ടിലുള്ള ബാലൻസ് തുകകൾ കൃത്യമായ ഇടവേളയിൽ തനത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ്.

# 2-4 തൊഴിൽനികുതിപിരിവിലെ അപാകതകൾ

(എ) <u>നിയമാനുസൃതം നോട്ടീസ് നൽകുന്നില്ല</u>

കേരളാ പഞ്ചായത്തിരാജ് ആക്ട് 205(ബി) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നികുതിക്കു വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കുവാൻ നോട്ടീസു മൂലം ആവശ്യപ്പെടാൻ സെക്രട്ടറി ബാദ്ധ്യസ്ഥനാണ്. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം. 8/26.06.2019) മറുപടിയിൽ, നികുതി അടവാക്കാൻ ബാദ്ധ്യസ്ഥനായ ജീവനക്കാരുടെ ലിസ്റ്റ് രേഖാമൂലം ആവശ്യപ്പെട്ടിട്ടില്ലായെന്ന് വ്യക്തമാക്കി. അതിനാൽ ഈ ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ തൊഴിൽ ചെയ്യുന്ന എല്ലാവരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്തിട്ടുണ്ടെന്ന്

ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ഈ വിഷയത്തിൽ വരും വർഷങ്ങളിൽ കൃത്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ബി) <u>കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എടുത്തിട്ടുള്ള താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന് അന്വേഷണകുറിപ്പ് (8/26.06.2019)ന്റെ മറുപടിയിൽ വ്യക്തമാണ്. ഈ സാമ്പത്തിക വർഷം പഞ്ചായത്തിൽ കരാർ ഏറ്റെടുത്ത കോൺട്രാക്ടർമരുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കോൺട്രാക്ടറുടെ പേര് |
|---|---|
| 1. | സി.വി. മാത്യൂ |
| 2. | ജോസഫ് ജോർജ്ജ് |
| 3. | യോഹനാൻ പി. സി. |
| 4. | ഐപ്പ് എം. |
| 5. | അനിൽ വർഗ്ഗീസ് |
| 6. | സബി കുമാർ |
| 7. | സുബി എസ്. |

മേൽപ്പറഞ്ഞ കരാറുകാർ നാളിതുവരെ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചതായി രേഖകളില്ല. ഇവർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഇവരിൽ നിന്ന് ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കുകയോ ചെയ്യേണ്ടതാണ്. കരാറുകാരിൽ നിന്ന് നികുതി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭരണസമിതിയുടെയും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ഇടപെടൽ ഉണ്ടാകേണ്ടതാണ്.

(സി) <u>റേഷൻ റീട്ടെയിൽ ഡിപ്പോകൾ,ക്ഷീരസഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്യുന്നില്ല</u>

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 14 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ലയെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം.09/26.06.2019) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇവരിൽ നിന്നും ലൈസൻസ് ഫീസും സ്ഥാപനത്തിന്റെ തൊഴിൽനികുതിയും അടിയന്തിരമായി ഈടാക്കുവാൻ ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും സെക്രട്ടറിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ബി) പഞ്ചായത്ത് പരിധിയിൽ 3 ക്ഷീരകർഷക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ലായെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം.9/25.06.2019) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പേരുവിവരം ചുവടെ ചേർക്കുന്നു.

1. ചാത്തങ്കരി ക്ഷീരകർഷക സംഘം.
2. മേപ്രാൽ ക്ഷീരകർഷക സംഘം.
3. ആലംതുരുത്തി ക്ഷീരകർഷക സംഘം.

ഈ ക്ഷീരകർഷക സംഘങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-5 ലൈസൻസ് പിരിവിലെ അപാകതകൾ

(എ) സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരം അനുസരിച്ച്, ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള 544 കെട്ടിടങ്ങളും ആശുപത്രി- ആഫീസ് ആവശ്യങ്ങൾക്കുള്ള 65 കെട്ടിടങ്ങളുമുണ്ടെങ്കിലും, 2018-19 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിരിക്കുന്നത് ആകെ 199 സ്ഥാപനങ്ങൾ മാത്രമാണ് [124(current) & 75 (Advance)]. കേരളാ പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യമോ ഉണ്ടാകുന്നതോ ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാർഡ് മെമ്പർമാരും വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥരും അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ വാർഡുതല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. തുടർ വർഷങ്ങളിൽ ലൈസൻസ് ഫീസ് പിരിവ് 100% ആക്കി തനത് ഫണ്ട് സമാഹരിക്കാനുള്ള ഊർജ്ജിത ശ്രമം ബന്ധപ്പെട്ട ഉദ്യോഗസ്ഥതലത്തിലും ഭരണതലത്തിലും ഉണ്ടാകേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിര ശ്രദ്ധചെലുത്തേണ്ടതും വേണ്ട തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

**(ബി)** ലൈസൻസ് എടുക്കുമ്പോൾ അവശ്യരേഖകൾ പലതും ഇല്ലാതെയാണ് അപേക്ഷകൾ സമർപ്പിച്ചിരിക്കുന്നതും ലൈസൻസ് നൽകിയിരിക്കുന്നതും. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. Ministry of Law & Justice-ന്റെ Food safety& std.Act 2006-ന്റെ Chapter VI-ന്റെ 26(3) പ്രകാരം ആഹാരം പാചകം ചെയ്യുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സാംക്രമിക രോഗങ്ങളൊന്നുമില്ലായെന്ന് ഉറപ്പാക്കാനായി അവരുടെ ഹെൽത്ത് കാർഡ് നിർബന്ധമായും ഡി&ഒ ലൈസൻസിനുള്ള അപേക്ഷയോടൊപ്പം വയ്ക്കണമെന്ന് വ്യവസ്ഥയുള്ളപ്പോൾ, അത്തരം രേഖയില്ലാതെയാണ് താഴെ കാണിച്ചിരിക്കുന്ന സ്ഥാപനത്തിന് ലൈസൻസ് നൽകിയിരിക്കുന്നത്.

- പൊന്നൂസ് ബേക്കറി (ഡോറിസ് സിബി)
- അരമന ഹോട്ടൽ (രാജേഷ് കുമാർ)

2. അവശ്യരേഖകൾ ഇല്ലാതെ ലൈസൻസ് ലഭ്യമാക്കി. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാണിജ്യ സ്ഥാപനം & ഉടമ | വാർഡ് & കെട്ടിട നം. | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|
| 1. | വെൽഡിംഗ് വർക്ക് ഷോപ്പ് പി. പ്രവീൺ | 7/ 301/B | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം & സാനിട്ടേഷൻ സാക്ഷ്യപത്രം എന്നിവ |
| 2. | Packed Drinking Water ആനി രഞ്ചി | 12/150 | സാനിട്ടേഷൻ സാക്ഷ്യപത്രം , ഹെൽത്ത് കാർഡ് & ജീവനക്കാരുടെ എണ്ണം എന്നിവ |
| 3. | Confederation of Kerala | 6/189 | ജീവനക്കാരുടെ എണ്ണം, സാനിട്ടേഷൻ |

| | | | |
|---|---|---|---|
| | Event Orgznizer Office റെയ്യാ ജോർജ്ജ് | | സാക്ഷ്യപത്രം എന്നിവ |

3. മണലാടി ഫ്യുവൽസ്, ഇഴിഞ്ഞില്ലം എന്ന സ്ഥാപനത്തിന്റെ ലൈസൻസ് പുതുക്കൽ സംബന്ധിച്ചുള്ള ഫയലിൽ (നം. 273/18 dtd 30.04.2018), പ്രസ്തുത സ്ഥാപന ഉടമ താൻ ഇറക്കുന്ന ഒരു ലോഡ് പ്രൊഡക്ടിന്റെ വിലമാത്രമാണ്(10 ലക്ഷം രൂപ) ടിയാളുടെ മൂലധനമായി പറയുന്നത്. ടിയാളുടെ ഈ വാദം അംഗീകരിക്കാവുന്നതല്ല. ടി സ്ഥാപനത്തിന്റെ കൃത്യമായ മുതൽ മുടക്കിന്റെ അടിസ്ഥാനത്തിൽ 2018-19 വർഷത്തിലെ ലൈസൻസ് ഫീസ് സൂചനയിലെ പട്ടിക പ്രകാരം ഈടാക്കേണ്ടതും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയോടൊപ്പം മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രവും, Fire & Safety Certificate, Sanitation Report എന്നീ അവശ്യ സാക്ഷ്യപത്രങ്ങൾ കൂടി സമർപ്പിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും ഈ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 2-6 പദ്ധതി വിഹിതത്തിൽ നിന്ന് വെള്ളക്കരം, വൈദ്യുതിചാർജ്ജ് കുടിശ്ശികകൾ ഈടാക്കിയത്

പഞ്ചായത്തിന്റെ വികസനഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് വിഹിതങ്ങളിൽ നിന്നും വെള്ളക്കരം കുടിശ്ശികയും, വൈദ്യുതിചാർജ്ജ് കുടിശ്ശികയും കുറവ് ചെയ്താണ് അലോട്ട്മെന്റ് ലഭിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തവണ | സ.ഉ. നം., തീയതി | അലോട്ട്മെന്റ് തുക | കുറവ് ചെയ്ത തുക | | ബാക്കി ലഭിച്ചത് |
|---|---|---|---|---|---|
| | | | KWA | KSEB | |
| | **വികസന ഫണ്ട്** | | | | |
| 3 | 9858/2018/Fin dt 29-11-18 | 4730000 | 13715 | 892 | 4715933 |
| | **ജനറൽ പർപ്പസ് ഫണ്ട്** | | | | |
| 9 | 10069/2018/Fin dt 7-12-18 | 729167 | 3294 | 223 | 725650 |
| 10 | 256/2019/Fin dt 11-01-19 | 729167 | 659 | 223 | 728285 |
| 11 | 256/2019/Fin dt 11-01-19 | 729167 | 659 | 223 | 728285 |
| 12 | 256/2019/Fin dt 11-01-19 | 729163 | 659 | 223 | 728281 |

പഞ്ചായത്തിന്റെ രേഖകൾ പ്രകാരം ഈ ഇനങ്ങളിൽ കുടിശ്ശിക ഉള്ളതായി കാണുന്നില്ല. ആയതിനാൽ ഇത് സംബന്ധിച്ച വിശദാംശങ്ങളും, കുറവ് ചെയ്ത് അടവ് വരുത്തിയ തുകകളുടെ രസീതും ബന്ധപ്പെട്ട അധികാരികളിൽ നിന്ന് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-7 ടെണ്ടർഫീസ് ഒടുക്കാൻ ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02/10/17-ലെ സ.ഉ(സാധാ.) നം.3186/2017/ത.സ്വ.ഭ.വ ഉത്തരവ് അനുസരിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി അക്കൗണ്ട് തുടങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ പാലിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ്, നിരതദ്രവ്യം മുതലായവ തദ്ദേശ സ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യുന്നത്. എക്സിക്യൂട്ടീവ് എൻജിനീയർക്ക് മാത്രമേ ഈ ആവശ്യത്തിന് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതിയുണ്ടായിരുന്നുള്ളു എന്നതിനാലാണ് ഇപ്രകാരം ചെയ്തത്. 2017-18 കാലയളവിൽ ടെണ്ടർ ഫീസ് ഇനത്തിൽ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിച്ച 2180രൂപ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുമില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇ-ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ്, ഇ.എം.ഡി. എന്നിവ ഒടുക്കുന്നതിനായി ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം തുടർനടപടികൾക്കായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ശമ്പളപരിഷ്ക്കരണത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ. ഉ (പി)നം.7/2016/ഫിൻ തീ. 20.01.2016 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 1, 2, 3 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും 4-ാം ഗഡു ജീവനക്കാരുടെ കൈയിൽ നേരിട്ട നൽകുകകയും ചെയ്തിട്ടുണ്ട്. എന്നാൽ ശമ്പളപരിഷ്കരണ ഉത്തരവ് ഖണ്ഡിക 48 പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ ഒടുക്കിയില്ല. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | തസ്തിക |
|---|---|---|
| 1. | ശ്രീലേഖ. എൽ.എച്ച് | സെക്രട്ടറി |
| 2. | ശ്രീ. കുമാരസ്വാമി. എൻ | അസി.സെക്രട്ടറി |
| 3. | ശ്രീ. കെ. വി. രാധാകൃഷ്ണൻ നായർ | അസി.സെക്രട്ടറി |
| 4. | ശ്രീ.ഗണേശൻ. എസ് | അക്കൗണ്ടന്റ് |
| 5. | ശ്രീമതി. ലത.ജി.പണിക്കർ | സീനിയർ ക്ലാർക്ക് |
| 6. | ശ്രീ. വിനോദ്.എം.ബി | സീനിയർ ക്ലാർക്ക് |
| 7. | ശ്രീമതി.സമീന. എ | സീനിയർ ക്ലാർക്ക് |
| 8. | ശ്രീ. പ്രശാന്ത്കുമാർ. യു | ക്ലാർക്ക് |
| 9. | ശ്രീമതി. റിനിജ. എച്ച് | ക്ലാർക്ക് |
| 10. | നിഖിൽ രാജ്. ബി | ക്ലാർക്ക് - NPS |
| 11. | നിലീമ.എൽ | ക്ലാർക്ക് - NPS |
| 12. | ശ്രീമതി. രജനിദേവി.ജി.വി | ഓഫീസ് അറ്റൻഡന്റ് |
| 13. | ശ്രീമതി. വൽസലാകുമാരി. ആർ | എഫ്.റ്റി.എസ് - NPS |
| 14. | ശ്രീ.സാംകുട്ടി എം.എൻ | പി.റ്റി.എൽ |

ടി ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. യഥാസമയം പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കാതിരിക്കുന്നതു മൂലം ഉണ്ടാകാവുന്ന നഷ്ടത്തിന് സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതാണ്.

2017-18 സാമ്പത്തികവർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖ. 3-2 ൽ പ്രസ്തുത വിഷയത്തിൽ നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ ഈ വിഷയത്തിൽ യാതൊരു നടപടിയും എടുത്തിട്ടില്ലയെന്നുള്ളത് ശ്രദ്ധയിൽപ്പെടുത്തുന്നു.

പെൻഷൻ കോൺട്രിബ്യൂഷൻ കൃത്യമായി കണക്കാക്കി യഥാസമയം ഒടുക്കുന്നത് സംബന്ധിച്ച് GO(MS)205/90/LAF/3.12.90, സർക്കുലർ നം.54140/EPA-2/07/LSGD/26.06.2008, പഞ്ചായത്തു ഡയറക്ടറുടെ 17.11.2003-ലെ സർക്കുലർ നം.F3/26572/03 എന്നിവ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഓരോ മാസത്തേയും പെൻഷൻ കോൺട്രിബ്യൂഷൻ തൊട്ടടുത്ത മാസം 5-ാം തീയതിയ്ക്ക് മുൻപായി അടയ്ക്കേണ്ടതാണെന്നും അപ്രകാരം ചെയ്യാതിരിക്കുന്നതുമൂലം ഉണ്ടാകുന്ന നഷ്ടത്തിന് സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണെന്ന് നിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

മേൽ പരാമർശിച്ച ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

## 3-2 പ്രതിമാസ വെള്ളക്കരം 1.59 ലക്ഷം രൂപ

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം കൃത്യമായി നിർണ്ണയിക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് കനത്ത നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഗ്രാമപ്പഞ്ചായത്ത് വെള്ളക്കരം ഇനത്തിൽ പ്രതിമാസം ഒടുക്കുന്നത് 1,59,250/- രൂപയാണ്. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് നാളിതുവരെ സംയുക്തപരിശോധന നടത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് (13 / 01.07.2019) സെക്രട്ടറി നൽകിയ മറുപടി പ്രകാരം 364 ടാപ്പുകളുടെ വെള്ളക്കരമാണ് അടവാക്കുന്നത്. 2018-19വർഷം ഈയിനത്തിൽ ആകെ 1929446/- രൂപ ഒടുക്കിയിട്ടുണ്ട്. എന്നാൽ ടാപ്പുകളുടെ എണ്ണം കണക്കാക്കുന്നതിനായി വാട്ടർ അതോറിറ്റി അധികാരികളുമായി ചേർന്ന് സംയുക്ത പരിശോധന നാളിതുവരെ നടത്തിയിട്ടില്ല. പൊതുടാപ്പിന്റെ എണ്ണം സംബന്ധിച്ച് എല്ലാ പഞ്ചായത്തംഗങ്ങളും അവരവരുടെ വാർഡിലെ ലിസ്റ്റ് ലഭ്യമാക്കി ടാപ്പുകളുടെ കൃത്യമായ കണക്ക് തയ്യാറാക്കേണ്ടതാണ്. അപ്രകാരമൊരു ലിസ്റ്റ് തയ്യാറാക്കുകയോ കമ്മറ്റിയിൽ അവതരിപ്പിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ടാപ്പുകളുടെ കൃത്യമായ കണക്ക് പഞ്ചായത്തധികൃതർക്കു പോലും നിശ്ചയമില്ല. ഈ വിഷയത്തിൽ തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും സംയുക്ത പരിശോധന നടത്തി യഥാർത്ഥ എണ്ണത്തിന് അനുസൃതമായി മാത്രം വാട്ടർ ചാർജ് ഒടുക്കുവാനും പ്രവർത്തന ക്ഷമമല്ലാത്തവ നീക്കം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

13- ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖാ ഉത്തരവ് ജി.ഒ.(എം.എസ്.)നം. 80/17 തീയതി 03.04.2017 ഖ.8-5 കുറിപ്പ് 2 പ്രകാരം പൊതുടാപ്പുകളുടെ എണ്ണം നിയന്ത്രിക്കേണ്ടതുണ്ട്. പൊതുടാപ്പുകൾക്ക് പകരം സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഹൗസ് കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കണക്ഷൻ നൽകുന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കണം. വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈനിൽ നിന്നായിരിക്കണം ഹൗസ് കണക്ഷൻ നൽകേണ്ടത്. ഹൗസ് കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തികൾ ഗുണഭോക്താക്കൾ തന്നെ ചെയ്യണം. ഇപ്രകാരമുള്ള പദ്ധതികൾ ഏറ്റെടുത്ത് പൊതുടാപ്പുകൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

കുടിവെള്ള വർക്കിംഗ് ഗ്രൂപ്പോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ ഈ വിഷയത്തിൽ യാതൊരു തീരുമാനങ്ങളും എടുത്തിട്ടുള്ളതായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിലുള്ള ടാപ്പുകളിൽ പ്രവർത്തനക്ഷമമായത് മാത്രം നിലനിർത്തി, പ്രവർത്തിക്കാത്തവ ഒഴിവാക്കുന്നതിനും കുടിവെള്ള ഗാർഹിക കണക്ഷന് പദ്ധതികൾ ഏറ്റെടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 വീട് വാസയോഗ്യമാക്കൽ പദ്ധതി (പട്ടിക ജാതി) - വീടു പണി പൂർത്തിയാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രൊജക്ടിന്റെ പേര് - വീട് വാസയോഗ്യമാക്കൽ പദ്ധതി (പട്ടിക ജാതി)

പ്രൊജക്ട് നം - 69/19

അടങ്കൽ - 3800000

ചെലവ് - 3750000

ബിൽ നം./തീയതി: 56/18-19/20-12-18

വീട് വാസയോഗ്യമാക്കൽ പദ്ധതി (പട്ടിക ജാതി) നടപ്പാക്കുന്നതിനായി 69/19 പ്രകാരം പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. ടി പദ്ധതി പ്രകാരം റെജി, ചേന്നങ്കര തുണ്ടിയിൽ, മേപ്രാൽ എന്ന ഗുണഭോക്താവ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി, നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി, 2018 മാർച്ച് 31 ന മുൻപായി എസ്റ്റിമേറ്റ് പ്രകാരമുള്ള വീട് വാസയോഗ്യമാക്കൽ പ്രവർത്തികൾ പൂർത്തിയാക്കുമെന്ന് കരാറിലേർപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് അംഗീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അഡ്വാൻസ് തുകയായ 50000 രൂപ ടിയാന്റെ എസ് ബി ഐ മേപ്രാൽ, ശാഖയിലെ 67069264730 നം അക്കൗണ്ടിലേക്ക് 20/12-18 തീയതിയിൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ 2019 മാർച്ച് 31 ന ശേഷവും കരാറിലെ വ്യവസ്ഥകൾക്കും പദ്ധതിയിലെ വ്യവസ്ഥകൾക്കും അനുസൃതമായി യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും ടിയാൻ നടത്തുകയുണ്ടായില്ല. വീട് വാസയോഗ്യമാക്കൽ പദ്ധതിക്കുവേണ്ടിയുള്ള ധനസഹായത്തിനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ടിയാൻ പദ്ധതിവ്യവസ്ഥകൾക്കും കരാർ വ്യവസ്ഥകൾക്കും വിരുദ്ധമായി ഭവനം പൂർണ്ണമായും പൊളിച്ചുമാറ്റി പുതിയ ഭവനത്തിനുള്ള നിർമ്മാണത്തിൽ ഏർപ്പെടുകയാണ് ചെയ്തത്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ അറിവോ സമ്മതമോ കൂടാതെ ഏകപക്ഷീയമായി പദ്ധതി വ്യവസ്ഥകൾക്ക് വിരുദ്ധമായി ടിയാൻ നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എസ്റ്റിമേറ്റ് പ്രകാരമല്ലാത്തതിനാലും ടി പദ്ധതി വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾക്കു വിരുദ്ധമായതിനാലും അഡ്വാൻസ് തുകയായ 50000 രൂപ തിരികെ ഈടാക്കുന്നതുവരെ തടസ്സപ്പെടുത്തുന്നു.

# 3-4 ഗാർഹിക കുടിവെള്ള പദ്ധതി - അധികം തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രൊജക്ടിന്റെ പേര് - ഗാർഹിക കുടിവെള്ള പദ്ധതി (വ്യക്തിഗതം - ജനറൽ)

പ്രൊജക്ട് നം - 73/19

അടങ്കൽ - 1350000

ചെലവ് - 1350000

ബിൽ നം./തീയതി – 25/18-19/24-11-18

ഗാർഹിക കുടിവെള്ള പദ്ധതി പ്രകാരം 270 പേർക്ക് 5000 രൂപ വീതം നൽകുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കി. എന്നാൽ സുദർശനൻ, വെത്രൂർ നടുവിലേ വീട്, അഴിയിടത്തുചിറ എന്ന വ്യക്തിയുടെ ഫെഡറൽ ബാങ്ക് അക്കൗണ്ട് നം. 12660100048237 ലേക്ക് 10000 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി വ്യക്തിക്ക് അധികമായി നൽകിയ 5000 രൂപ തിരികെ ഈടാക്കുന്നതുവരെ തുക നിരാകരിക്കുന്നു.

# 3-5 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ജനറൽ സ്കോളർഷിപ്പ് നൽകുന്നതിന് വികസനഫണ്ട്, ബ്ലോക്ക് വിഹിതം, തനത് ഫണ്ട് എന്നിവ വകയിരുത്തി പദ്ധതി രൂപീകരിച്ച് (S0022/19) 905000 രൂപ വകയിരുത്തി 895000 രൂപ ചെലവഴിച്ചിട്ടുണ്ട്. ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കും മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 20757/- രൂപ വീതവും ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 12000/- രൂപ വീതവുമാണ് (വ്യത്യസ്ത ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് വ്യത്യസ്ത നിരക്കിൽ) നൽകിയിട്ടുള്ളത്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ

നേരിടുന്നവർക്ക് ഒരു വർഷം 28000/- രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 6500/- രൂപ മുതൽ 19500/- രൂപ വരെയും നൽകാമെന്നിരിക്കെ, പദ്ധതി രൂപീകരിച്ചപ്പോൾ കുറഞ്ഞ തുക വകയിരുത്തി സ്കോളർഷിപ്പ് നൽകിയത് ഇത്തരത്തിൽ അവശത നേരിടുന്നവരോടുള്ള പഞ്ചായത്തിന്റെ അവഗണനയെയാണ് സൂചിപ്പിക്കുന്നത്. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

# 3-6 അങ്കണവാടികളുടെ പ്രവർത്തനം തൃപ്തികരമല്ല

**1.അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം**

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം ബുദ്ധിമുട്ടുകയാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 24 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 14 |
| ടോയിലറ്റ് സൗകര്യം ഉള്ളവ | 24 |
| ചുറ്റുമതിൽ ഉള്ളവ | 22 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 24 |
| കുടിവെള്ളം ലഭ്യമായവ | 23 |

13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പ്രാധാന്യം നൽകേണ്ടതാണ് [സ.ഉ(എം.എസ്) നമ്പർ 11/18 ത.സ്വ.ഭ.വ, തീയതി.29.01.2018]. എന്നാൽ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ അധികൃതർ ശ്രദ്ധ ചെലുത്തുന്നില്ല. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് ഗ്രാമപ്പഞ്ചായത്തിന്റെ ചുമതലയാണ്. അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണ്ണിച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപ്പഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്.

2.<u>അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല</u>

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് വിതരണം ചെയ്യുന്ന അമൃതം ന്യൂട്രി-മിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല. സാമൂഹിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010 ലെ ഐ.സി.ഡി.എസ്. ബി-3-313/2010 കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുവാനും കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും ഓരോ ബാച്ച് പ്രോഡക്റ്റിന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുവാനും ശിശു വികസന ഓഫീസർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. ഇതോടൊപ്പംതന്നെ 12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികളിൽ നിന്നും പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്ന പോഷകാഹാരങ്ങളുടെ ഗുണനിലവാരവും പരിശോധനാ വിധേയമാക്കുന്നതിനുമായി ഗ്രാമസഭാ യോഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ നാളിതുവരെ പാലിച്ചിട്ടില്ല. കുട്ടികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ന്യൂട്രി-മിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കേണ്ടതും നൽകുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണ നിലവാരം ഉറപ്പാക്കുന്നതിനുള്ള മോണിട്ടറിംഗ് കമ്മിറ്റി അടിയന്തിരമായി രൂപീകരിക്കേണ്ടതുമാണ്.

# 3-7 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- മതിയായ ഫണ്ട്

# വകയിരുത്താത്തതിനാൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വാർഷിക പദ്ധതിയുടെ ഭാഗമായി വികസന ഫണ്ടിൽ നിന്നും 100000/- രൂപയും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 200000/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും 500000/- രൂപയും ഉൾപ്പെടുത്തി 800000/- രൂപ വകയിരുത്തി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രൊജക്ട് (S0077/19) നടപ്പിലാക്കിയിട്ടുണ്ട്. മേപ്രാൽ, ചാത്തങ്കരി, ആലംതുരുത്തി എന്നീ ക്ഷീരോത്പാദക സഹകരണസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ 2018 ഏപ്രിൽ മുതൽ 2018 ഓഗസ്റ്റ് വരെയുള്ള മാസങ്ങളിൽ, സംഘത്തിൽ നൽകിയ പാലിന്റെ അളവിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകിയത്. എന്നാൽ മതിയായ ഫണ്ട് വകയിരുത്തിയില്ല എന്നതിനാൽ തുടർന്നുള്ള ഏഴ് മാസം സബ്സിഡി നൽകാൻ സാധിച്ചില്ല.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) നം.80/17/ ത.സ്വ.ഭ.വ തീ. 03/04/17 പ്രകാരം 2018-19 വർഷം മുതൽ ഒരു കർഷകന് പരമാവധി 40000 രൂപ ഒരു വർഷം സബ്സിഡി അനുവദിക്കാവുന്നതാണ്. എന്നാൽ ക്ഷീരസംഘത്തിൽ നൽകിയ പാലിന്റെ അളവിന്റെ അടിസ്ഥാനത്തിൽ ഒരു ഗുണഭോക്താവിന് പരമാവധി 15436 രൂപയിൽ താഴെ മാത്രമേ സബ്സിഡി നൽകാൻ സാധിച്ചുള്ളൂ എന്നതിനാൽ തന്നെ പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ചില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടിലും ടി വിഷയം പരാമർശിച്ചിരുന്നു. ഗ്രാമപഞ്ചായത്തിലെ വലിയൊരു വിഭാഗം ജനങ്ങളുടെ മുഖ്യ ഉപജീവന മാർഗ്ഗമായ കന്നുകാലി വളർത്തൽ പദ്ധതിക്ക് ആവശ്യകതക്കനുസൃതമായി ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കാതിരുന്നത് വികസന കാര്യ സ്റ്റാന്റിംഗ്കമ്മറ്റിയുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

# 3-8 മരുന്നു വാങ്ങൽ പ്രവൃത്തികൾ ലക്ഷ്യം കൈവരിക്കുന്നില്ല

മെഡിക്കൽ ഓഫീസർമാർ (ആയുർവ്വേദം, ഹോമിയോ) നിർവ്വഹണം നടത്തുന്ന മരുന്ന വാങ്ങൽ പദ്ധതികളിൽ മരുന്നുകൾ സമയബന്ധിതമായി ലഭിക്കുന്നില്ല. വിവിധ പദ്ധതികൾ പ്രകാരം ലഭ്യമാക്കാനുള്ള മരുന്നുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ നം. അടങ്കൽ / ചെലവ് | പ്രഫോർമ ഇൻവോയിസ് നം. & ലഭ്യമാക്കാനുള്ള മരുന്നുകൾ |
|---|---|---|---|---|
| 1. | S0067/19 ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ | ആയുർവ്വേദ മെഡിക്കൽ ഓഫീസർ | ബിൽ നം. 16/18-19 തീയതി. 23.07.2108 3,00,000/- | Prf.Invoice No.58283 പ്രകാരം 45,401/- |
| 2. | S0083/19 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ചാത്തങ്കേരി | 14,00,000/- 6,00,000/- (വികസനഫണ്ട് ജനറൽ) 8,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതം) | Prf.Invoice 4843 പ്രകാരം 35,682/- രൂപയുടെ [ജില്ലാ പഞ്ചായത്ത്] |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥരും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും കൈക്കൊള്ളേണ്ടതും മരുന്ന ലഭ്യമാക്കിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 3-9 എസ്.എസ്.എ. വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം. & പേര് | S0004/19 - എസ്.എസ്.എ. വിഹിതം നൽകൽ |
| അടങ്കൽ തുക | 7,00,000 (വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് തുക & ബിൽ നം. | 7,00,000- 1/18-19 തീയതി 12.06.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്., ചാത്തങ്കരി |

എസ്.എസ്.എ. പദ്ധതി പ്രകാരം 7,00,000 രൂപ നൽകിയെങ്കിലും നാളിതുവരെ ആയതിന്റെ ചെലവ് പത്രിക നിർവ്വഹണ ഉദ്യോഗസ്ഥ പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ഇനം തിരിച്ചുള്ളത് ഓഡിറ്റിൽ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

# 3-10 അർഹരായ ഗുണഭോക്താക്കളുടെ അപര്യാപ്തത മൂലം പദ്ധതി ചെലവ് കുറയുന്നു

ഉത്പാദന മേഖലയിൽ ഉൾപ്പെടുന്ന മൃഗസംരക്ഷണ മേഖലയിൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ വളക്കുഴി, മൂത്രത്തൊട്ടി നിർമ്മാണം പദ്ധതി – (പൊതു വിഭാഗം), വളക്കുഴി, മൂത്രത്തൊട്ടി നിർമ്മാണം പദ്ധതി – (പട്ടികജാതി), പോത്തുകുട്ടി വളർത്തൽ പദ്ധതി തുടങ്ങിയ പ്രോജക്ടുകളിൽ ഗുണഭോക്താക്കൾ കുറവായതു കാരണം അടങ്കലിന്റെ 19.33% തുക മാത്രമേ ചെലവഴിക്കാനായുള്ളൂ. പ്രസ്തുത പ്രോജക്ടുകൾക്കായി 2746000/- രൂപ വകയിരുത്തിയതിൽ 530936/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ.നം. | പ്രോജക്ടിന്റെ പേരും നമ്പരും | അടങ്കൽ | ചെലവ് |
|---|---|---|---|
| 1. | കാലിത്തൊഴുത്ത് നവീകരണം, വളക്കുഴി, മൂത്രത്തൊട്ടി നിർമ്മാണം പദ്ധതി (64/18) – പൊതു വിഭാഗം | വികസന ഫണ്ട് (ജനറൽ) - 800000<br>മറ്റുള്ളവ - 800000 | വികസനഫണ്ട് - 494936<br>മറ്റുള്ളവ -0 |
| 2. | കാലിത്തൊഴുത്ത് നവീകരണം, വളക്കുഴി, മൂത്രത്തൊട്ടി നിർമ്മാണം പദ്ധതി (65/18) – (പട്ടികജാതി) | വികസന ഫണ്ട് (എസ് സി പി) - 450000<br>മറ്റുള്ളവ - 300000 | വികസനഫണ്ട് –0<br>മറ്റുള്ളവ - 0 |
| 3. | പോത്തുകുട്ടി വളർത്തൽ പദ്ധതി (66/18) | വികസനഫണ്ട് - 198000<br>മറ്റുള്ളവ -198000 | വികസനഫണ്ട് -18000<br>മറ്റുള്ളവ-18000 |
| ആകെ | | 2746000 | 530936 |

ഗ്രാമസഭാ മിനിട്സ് പരിശോധിച്ചതിൽ ടി പ്രോജക്ടുകൾക്ക് ആവശ്യമായ ഗുണഭോക്താക്കൾ ഉള്ളതായി കാണുന്നു. എന്നാൽ ഗുണഭോക്തൃ വിഹിതം അടവാക്കി ആനുകൂല്യം കൈപ്പറ്റുന്നതിന് മതിയായ എണ്ണം ഗുണഭോക്താക്കൾ ഇല്ലാതിരുന്നതാണ് ചെലവ് കുറയാനിടയായത്. പ്രോജക്ടുകളിൽ ചെലവഴിക്കാനവശേഷിച്ച തുക നഷ്ടപ്പെടുകയും ചെയ്തു. ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്ന

തുകയാണ് ഇത്തരത്തിൽ നഷ്ടമായത്. ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുമ്പോൾ അർഹതാ മാനദണ്ഡങ്ങൾ വ്യക്തമായി നിർവ്വചിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 3-11 സാന്ത്വനം പാലിയേറ്റീവ് കെയർ പദ്ധതി - അപാകതകൾ

പാലിയേറ്റീവ് കെയർ പ്രൊജക്റ്റിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി.) ഓരോ സാമ്പത്തിക വർഷാരംഭത്തിനു മുൻപും ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കേണ്ടതും ഏറ്റവും കുറഞ്ഞത് 2 മാസം കൂടുമ്പോഴോ, ആവശ്യാനുസരണം ഇടവേളകളിലോ കൂടേണ്ടതും പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ നടത്തിപ്പ് വിലയിരുത്തേണ്ടതുമാണ്. എന്നാൽ ഈ സാമ്പത്തിക വർഷത്തിൽ ആകെ 2 പ്രാവശ്യം മാത്രമാണ് (3.04.2018, 29.06.2018) പി.എം .സി. മീറ്റിംഗ് കൂടിയിരിക്കുന്നത്.

പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടത്തിവരുന്ന, പി.എം.സി. അംഗീകാരത്തോടെ രജിസ്റ്റർ ചെയ്ത എല്ലാ കിടപ്പുരോഗികളുടെയും വിവരങ്ങൾ നോമിനൽ രജിസ്റ്ററിൽ ചേർക്കേണ്ടതും ഇത് സമയാസമയം ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റിൽ ചേർക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രൊജക്റ്റിൽ നിന്ന് തുക ചെലവഴിക്കാൻ പാടില്ലായെന്നിരിക്കെ വെബ്സൈറ്റിൽ ഇതു സംബന്ധിച്ച് യാതൊരു അപ്ഡേഷനും നാളിതുവരെ ചെയ്തിട്ടില്ല.

തീർത്തും അവശരായ രോഗികളെ ഡോക്ടർ സന്ദർശിക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും അനിവാര്യമാണ്. ഇതിലേക്കായി ആയുർവ്വേദ/ഹോമിയോപ്പതി/ അലോപ്പതി എന്നിവിടങ്ങളിലെ ഡോക്ടർമാരെ മാറിമാറി നിയോഗിക്കേണ്ടതാണ്. ഓരോ ഹോം വിസിറ്റിലും ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിനായി ആയുർവ്വേദ/ഹോമിയോപ്പതി/അലോപ്പതി എന്നിവിടങ്ങളിലെ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുവാനും ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-12 ആശ്രയ പദ്ധതി

<u>എ) ആശ്രയ പദ്ധതി – ഭക്ഷ്യധാന്യ വിതരണം പോലും നടത്തിയില്ല</u>

ആശ്രയ അക്കൗണ്ടിൽ 1947195 രൂപ ഈ സാമ്പത്തിക വർഷാരംഭത്തിൽ ഉണ്ടായിരുന്നു. ഈ തുകയിൽനിന്നും ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്യുന്നതിനുപോലും തുക ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല. ആയത് ശരിയായ നടപടിയല്ല. ലക്ഷങ്ങൾ വകയിരുത്തി സമഗ്രമായ കർമ്മപദ്ധതി തയ്യാറാക്കിയതിലൂടെ അഗതി കുടുംബങ്ങൾക്ക് നൽകിയ വാഗ്ദാനം ഗ്രാമപ്പഞ്ചായത്ത് പാലിച്ചിട്ടില്ല. അഗതി കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിവർത്തിക്കുക എന്നതിലുപരിയായി അവരുടെ സാമൂഹ്യമായ പിന്നോക്കാവസ്ഥ ഇല്ലാതാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുക എന്നതാണ് ആശ്രയ പദ്ധതിയുടെ ലക്ഷ്യം. ഗ്രാമപഞ്ചായത്തിലെ ആശ്രയപദ്ധതി ലക്ഷ്യം കൈവരിച്ചില്ല. ആശ്രയ അക്കൗണ്ടിൽ ഈ സാമ്പത്തിക വർഷാവസാനം 2425873 രൂപ അവശേഷിക്കുന്നു. ടി തുക ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) <u>ആശ്രയ പദ്ധതി – അവലോകനം</u>

ഒന്നാം ഘട്ട ആശ്രയ പദ്ധതിയുടെ വരവു ചെലവു കണക്കുകൾ ലഭ്യമല്ല. ഒന്നാം ഘട്ട ആശ്രയ പദ്ധതിയുടെ നീക്കിയിരുപ്പ് പാസ്സ് ബുക്ക് പ്രകാരം 1043618 രൂപയാണ്.

രണ്ടാം ഘട്ട ആശ്രയ പദ്ധതിയുടെ ഭാഗമായി 132 ഗുണഭോക്താക്കളെ കണ്ടെത്തുകയും അവർക്കാവശ്യമായ പരിചരണ സേവന പാക്കേജ് നടപ്പിലാക്കുന്നതിനായി 5217876 രൂപയുടെ ഒരു കർമ്മ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങുകയും ചെയ്തു. 2013-17 കാലയളവിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചാണ് കർമ്മ പദ്ധതിക്ക് അംഗീകാരം വാങ്ങിയത്. പദ്ധതിയുടെ ധനകാര്യ സ്രോതസ്സ് ചുവടെ ചേർക്കുന്നു.

| ക്രമ | സ്രോതസ്സ് | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | ആകെ |
|---|---|---|---|---|---|---|---|---|
| | | | | | | | | |

| നം. | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് | ഇല്ല | ഇല്ല | ഇല്ല | 400000 | 400000 | 400000 | 1200000 |
| 2 | ചലഞ്ച് ഫണ്ട് | ഇല്ല | 615292 | ഇല്ല | 615292 | ഇല്ല | ഇല്ല | 1230584 |
| | ആകെ | | 615292 | | 1015292 | 400000 | 400000 | 2430584 |

ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസ സഹായം, വസ്ത്ര വാങ്ങൽ, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം, കുടിവെള്ളം, തൊഴിൽ പരിശീലനം, പുനരധിവാസം തുടങ്ങിയ പരിചരണ സേവനങ്ങൾ ഉൾപ്പെടുത്തിയാണ് കർമ്മ പദ്ധതി തയ്യാറാക്കിയതെങ്കിലും പദ്ധതിയുടെ അവസാന വർഷമായ 2016-17 ഭക്ഷണ വിതരണം ഒഴികെ മറ്റ് സേവനങ്ങൾ ഒന്നുംതന്നെ ഗുണഭോക്താക്കൾക്ക് പ്രദാനം ചെയ്യുന്നതിന് പദ്ധതിയുടെ നിർവ്വഹണ ചുമതലയുള്ള സി.ഡി.എസി-ന് കഴിഞ്ഞിട്ടില്ല. 5217876/- രൂപയുടെ കർമ്മ പദ്ധതിയാണ് തയ്യാറാക്കിയതെങ്കിലും ഗ്രാമപഞ്ചായത്ത് വിഹിതമായി 1200000 രൂപ പ്ലാൻ ഫണ്ടിനത്തിലും, ചലഞ്ച് ഫണ്ടിനത്തിൽ 1230584 രൂപയും മാത്രമാണ് പദ്ധതി നടത്തിപ്പിന് ലഭിച്ചിട്ടുള്ളത്.

## 3-13 സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ സമയബന്ധിതമായി ചെലവഴിക്കുന്നില്ല.

2017-18 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച ഫണ്ടുകൾ ചെലവഴിക്കാതെ കിടക്കുന്നു. ഫണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

സമഗ്ര നെൽകൃഷി വികസനത്തിനായി ജില്ലാ പഞ്ചായത്തിൽ നിന്നും 2017-18-ൽ ലഭിച്ച 1628600 രൂപ ഇപ്പോഴും ചെലവഴിക്കാതെ അവശേഷിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഭവന പുനരുദ്ധാരണത്തിനായി 2017-18-ൽ ലഭിച്ച 68000/- രൂപയും വാട്ടർ കണക്ഷൻ (എസ്.സി) യ്ക്കായി ലഭിച്ച 232500/- രൂപയും ഇപ്പോഴും ചെലവഴിക്കാതെ അവശേഷിക്കുന്നു. ജനകീയാസൂത്രണ പദ്ധതിയിലെ ധനവിനിയോഗ മാർഗ്ഗരേഖ പ്രകാരം (ജി.ഒ(പി) നം.177/06, തീയതി 12/04/2006) വികസനഫണ്ട് തുക ചുരുങ്ങിയ കാലയളവിലാണെങ്കിൽ പോലും തനത് ഫണ്ടിൽ സൂക്ഷിക്കുന്നതിന് വ്യവസ്ഥയില്ല. ചെലവഴിക്കാതെ കിടക്കുന്ന പ്രസ്തുത തുകയ്ക്ക് ഈ വർഷം പദ്ധതി വച്ചിരുന്നുവെങ്കിലും അത് നടപ്പാക്കിയിട്ടില്ല. സംയുക്ത പദ്ധതികൾക്കുവേണ്ടി ലഭിക്കുന്ന തുകകൾ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക / OB | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് | നിലവിലെ അവസ്ഥ |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 8160000 | സമഗ്രനെൽകൃഷി വികസനം-S0012/19 | 7370541 | 789459 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 3,99,400 | സമഗ്രനെൽകൃഷി വികസനം-S0012/19 | 3,99,400 | 0 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 8,00,000 | സാന്ത്വന പരിചരണം -S0083/19 | 8,00,000 | 0 | പദ്ധതി പൂർത്തീകരിച്ചു |
| ജില്ലാ പഞ്ചായത്ത് | 2018-19 | 6,13,096 | ലൈഫ് - S0071/19 | 6,13,096 | 0 | പദ്ധതി പൂർത്തീകരിച്ചു |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 3,39,059 | ലൈഫ് - S0071/19 | 3,39,059 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 2,00,000 | അംഗനവാടി അനുപൂരക പോഷകഹാരം- S0018/19 | 1,68,746 | 31,254 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 230000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - S0022/19 | 230000 | 0 | പദ്ധതി പൂർത്തീകരിച്ചു |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2,50,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - S0077/19 | 2,50,000 | 0 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - S0077/19 | 2,00,000 | 0 | |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| പ്രൊജക്ട് | നിക്ഷേപിച്ച സ്ഥാപനം | തുക | ബിൽ നമ്പർ, തീയതി |
|---|---|---|---|
| ഇല്ല | | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

# 4-4 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം. | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ (ഭവന പദ്ധതി) | | 4,89,719 | - | - | - | 4,89,719 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2009-10 | 2-1 | ക്യാഷ് ബുക്കും അനുബന്ധ | പരാമർശം |

| | | | |
|---|---|---|---|
| | | രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ച | നിലനിൽക്കുന്നു |
| 2009-10 | 3-4(1), 4(2), 4(3), 4(4), 4(5) | നിക്ഷേപ വേലകൾ പൂർത്തിയാക്കാത്തത് | പരാമർശം നിലനിൽക്കുന്നു |

# 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ, റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 81,720,937.76 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,17,54,867 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 750000/- |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 5000 | അലി അക്ബർ ഇ., വി.ഇ.ഒ പെരിങ്ങര ഗ്രാമപ്പഞ്ചായത്ത് |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 50000 | അലി അക്ബർ ഇ., വി.ഇ.ഒ പെരിങ്ങര ഗ്രാമപ്പഞ്ചായത്ത് |
| 3-9 | 700000 | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്, ചാത്തങ്കരി |
| ആകെ | 750000 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക |
|---|---|
| - ഇല്ല - | |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | സ്ഥിരവിലാസം | ഓഡിറ്റ് വേളയിലെ വിലാസം |
|---|---|---|
| അലി അക്ബർ ഇ., വി.ഇ.ഒ | മണക്കാട്ടേക്കരി പടിഞ്ഞാറ്റേതിൽ | വി.ഇ.ഒ, പെരിങ്ങര ഗ്രാമപ്പഞ്ചായത്ത് |

| | | |
|---|---|---|
| | കോയിവിള പി.ഒ<br>കൊല്ലം | |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും, തീയതിയും | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1. | 1999-00 | എൽ.എഫ്.പി.റ്റി.എ. പി4 -198/03 തീയതി 16.08.03/12.12.04 | എല്ലാ ഖണ്ഡികകളും |
| 2. | 000-01 | എൽ.എഫ്.പി.റ്റി.എ. പി4 -199/03 തീയതി 08.10.2004 | എല്ലാ ഖണ്ഡികകളും |
| 3. | 2001-02 | എൽ.എഫ്.പി.റ്റി.എ. പി4 -687/03 തീയതി 05.04.02/02.08.04 | 1 ഖണ്ഡിക |
| 4. | 2002-03 | എൽ.എഫ്.പി.റ്റി.എ. പി4 -686/03 തീയതി 13.11.06/26.03.07 | 6 ഖണ്ഡികകൾ |
| 5. | 2003-04(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി5-917/07 തീയതി 312.03.08/15.05.08 | 4 ഖണ്ഡികകൾ |
| 6. | 2005-06 | എൽ.എഫ്.പി.റ്റി.എ. പി6 -781/08 തീയതി 30.06.09 | 6 ഖണ്ഡികകൾ |
| 7. | 2006-07 | എൽ.എഫ്.പി.റ്റി.എ. പി6 -780/08 തീയതി 22.06.09 | 10 ഖണ്ഡികകൾ |
| 8. | 2007-08 | എൽ.എഫ്.പി.റ്റി.എ. പി6 -472/09/ തീയതി 04.08.09 | 11ഖണ്ഡികകൾ |
| 9.. | 2008-09 | എൽ.എഫ്.പി.റ്റി.എ. പി6 -145/11തീയതി 05.08.11 | എല്ലാ ഖണ്ഡികകളും |
| 10. | 2009-10 & 2010-11 | എൽ.എഫ്.പി.റ്റി.എ.പി11-425/13തീയതി 11.09.13/03.05/14 | എല്ലാ ഖണ്ഡികകളും |
| 11. | 2011-12 | എൽ.എഫ്.പി.റ്റി.എ.പി11 -426/13തീയതി 11.09.13/03.05/14 | എല്ലാ ഖണ്ഡികകളും |
| 12. | 2012-13 | എൽ.എഫ്.പി.റ്റി.എ.പി4 -1053/14 തീയതി 16.01.15/09.02.15 | എല്ലാ ഖണ്ഡികകളും |
| 13. | 2013-14, 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.4-1123/15തീയതി 04.12.15/08.12.15 | 8 |
| 14. | 2015-16 | കെ.എസ്.എ.പി.റ്റി.എ പി - 4-1380/2016തീയതി 12.01.2017 | 21 |
| 15. | 2016-17 | കെ.എസ്.എ.പി.റ്റി.എ പി - 4-824/17തീയതി 04.08.2017 | 20 |
| 16. | 2017-18 | കെ.എസ്.എ.പി.റ്റി.എ പി - 4-99/19തീയതി 20.02.2019 | മുഴുവൻ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി4/715/2019 തീയതി :08.08.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ **പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-13-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2018-19**-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട.**

No.KSA.PTA.P4/715/2019 Date:08.08.2019

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **Peringara Grama Panchayat** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Peringara Grama Panchayat** for the year 2018-19 except the observations in para 1-13 of my report properly presents the picture of income and expenditure.

**Deputy Director**

**Kerala State Audit Department**

**Pathanamthitta**